"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ത.സ്വ.ഭ.വ - എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ നഗരസഭയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് കണയന്നൂർ താലൂക്ക് നടമ വില്ലേജിൽപ്പെട്ട 12 ഏക്കർ 90 സെൻറ് സ്ഥലം 2013 ലെ ലാൻറ് അക്വിസിഷൻ ആക്ടിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയഭരണ (ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.527/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2021

---

പരാമർശം:- 22/11/2018 ലെ സ. ഉ. (സാധാ) നം.2969/18/ത.സ്വ.ഭ.വ

**ഉത്തരവ്**

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ നഗരസഭയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് കണയന്നൂർ താലൂക്ക് നടമ വില്ലേജിൽപ്പെട്ട 12 ഏക്കർ 90 സെൻറ് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശത്തിലെ ഉത്തരവിൻെറ സംഗ്രഹത്തിൽ നിന്നും "ഉഭയകക്ഷി സമ്മതപ്രകാരവും ലാന്റ് അക്വിസിഷൻ മുഖേനയും" എന്നത് ഒഴിവാക്കി പകരം "2013 ലെ ലാന്റ് അക്വിസിഷൻ ആക്ടിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ച്" എന്ന് ചേർത്തും, പ്രസ്തുത ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ "Direct/Negotiated Purchase വഴിയും 2013 ലെ ലാന്റ് അക്വിസിഷൻ ആക്റ്റ് പ്രകാരവും" എന്നതിന് പകരം "2013 ലെ ലാന്റ് അക്വിസിഷൻ ആക്ടിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ച്കൊണ്ട്" എന്ന് ചേർത്തും ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം

സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I)/(ആഡിറ്റ്-II), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/104/2018/ത.സ്വ.ഭ.വ)

22/11/2018 ലെ സ. ഉ. (സാധാ) നം.2969/18/ത.സ്വ.ഭ.വ.-ൻെറ തീർപ്പ് ഫയലിൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ